ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

നം.എഡി.ബി.സ്പെ.സെൽ/31831/എച്ച്.എസ്.ഇ/2013 തീയതി: 29/06/2013

## സർക്കുലർ

വിഷയം :എച്ച്.എസ്.ഇ -- ജീവനക്കാര്യം -- ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് -- സംബന്ധിച്ച്.

ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകർക്ക് 8/15 വർഷത്തെ സമയബന്ധിത ഗ്രേഡ് അനുവദിച്ചുകൊണ്ട് ഉത്തരവ് നൽകുന്നത് നിയമനാധികാരി യായ ഡയറക്ടറാണ്. എന്നാൽ ചില പ്രിൻസിപ്പൽമാർ ഗ്രേഡ് അനുവദിച്ചുകൊണ്ട് ഉത്തരവ് നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളിലെ അദ്ധ്യാപകർക്ക് അവരുടെ മുൻകാല സമാന തസ്തികയിലെ എയിഡഡ് സ്ക്കൂൾ അദ്ധ്യാപക സർവ്വീസ്കൂടി കണക്കാക്കി സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നുണ്ട്. ഇപ്രകാരം ഗ്രേഡ് അനുവദിക്കുന്നതിനുള്ള അർഹത ഗവൺമെന്റ് ഹയർ സെക്കന്ററി സകൂൾ ടീച്ചർ തസ്തികയിൽ പ്രൊബേഷൻ വിജയകരമായി പൂർത്തീകരിച്ചതിനുശേഷം മാത്രമായിരിക്കും. ഇത്തരം അദ്ധ്യാപകർ എയിഡഡ് ഹയർ സെക്കന്ററി സ്കൂൾ തസ്തികയിലെ അംഗീകൃത സർവ്വീസ് ബന്ധപ്പെട്ട റീജ്യണൽ ഡെപ്യൂട്ടി ഡയറക്ടറെക്കൊണ്ട് സാക്ഷ്യപ്പെടുത്തിയിരിക്കണം. എന്നാൽ എയിഡഡ് സർവ്വീസുള്ള ചില അദ്ധ്യാപകർ ഇത്തരം നടപടി സ്വീകരിക്കാതെ ഗ്രേഡിനുള്ള അപേക്ഷകൾ ഡയറക്ടറേറ്റിൽ നേരിട്ട് സമർപ്പിക്കുന്നതും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്.

ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കാനുള്ള അധികാരം നിയമന അധികാരിയായ ഹയർ സെക്കന്ററി ഡയറക്ടറിൽ മാത്രം നിക്ഷിപ്തമാണെന്നും ഇതിന് വിരുദ്ധമായി പ്രിൻസിപ്പൽമാർ പ്രവർത്തിക്കരുതെന്നും ഒരിക്കൽ കൂടി ഓർമ്മപ്പെടുത്തുന്നു.

ഒപ്പ്/
ഡയറക്ടർ

പകർപ്പ്: എല്ലാ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കും.